പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2234 **27-10-2026-ൽ മറുപടിയ്ക്ക്**

ജനമൈത്രി ബീറ്റ് സംവിധാനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ജനമൈത്രി ബീറ്റ് സംവിധാനം കൂടുതൽ കാര്യക്ഷമവും സജീവവുമാക്കി പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

മറുപടി: ജനമൈത്രി ബീറ്റ് സംവിധാനം കൂടുതൽ കാര്യക്ഷമവും സജീവവുമാക്കി പുനരുജ്ജീവിപ്പിക്കുന്നതിന് ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ജനമൈത്രി ബീറ്റ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്ന തിലേയ്ക്കായി iCOPS- ൽ ജനമൈത്രി ബീറ്റ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളതും, ആയതി ലേക്ക് ജനമൈത്രി ബീറ്റ് പോലീസ് ഉദ്യോഗസ്ഥർ ഭവന സന്ദർശന വേള യിൽ തങ്ങളുടെ പോലീസ് സ്റ്റേഷൻ പരിധിയിലെ വീടുകൾ, പൊതുമേഖലാ സ്വകാര്യ സ്ഥാപനങ്ങൾ, ആദിവാസി കോളനികൾ, അതിഥി തൊഴിലാളികൾ, താമസക്കാരുടെ ഫോൺ നമ്പർ, തിരിച്ചറിയൽ രേഖകൾ, വിദ്യാഭ്യാസ യോഗ്യത, വാഹന വിവരങ്ങൾ തുടങ്ങിയവ ശേഖ രിച്ച് മൊബൈൽ ആപ്ലിക്കേഷൻ വഴി രേഖപ്പെടുത്തുന്നു. കൂടാതെ, സമൂഹത്തിലെ ദുർബല വിഭാഗങ്ങൾ, മുതിർന്ന പൗരന്മാർ, ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾ, അതിഥി തൊഴിലാളികൾ, ആദിവാസി കോളനി കൾ എന്നിവയുമായി ബന്ധപ്പെട്ട വിവര ങ്ങളും ശേഖരിക്കുന്നു. ഉപേക്ഷിക്കപ്പെട്ട സ്വത്തുക്കളുടെ പരിശോധന, സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ ക്കുറിച്ചുള്ള പരിശോധന, ആയുധ-സ്ഫോടകവസ്തു ലൈസൻസ് പരിശോധന, ക്രൈം മെമ്മോ, ഭവന-സ്ഥാപന സന്ദർശനങ്ങൾ, രഹസ്യവിവര ശേഖരണം, ജനമൈത്രി യോഗങ്ങൾ, കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടില്ലെന്ന സർട്ടിഫിക്കറ്റ്, പരാതിയന്വേഷണം, അപരിചിതരെക്കുറി ച്ചുള്ള പരിശോധന, സമൻസ് നൽകൽ തുടങ്ങിയ വിവിധ സേവനങ്ങളും സൗകര്യ ങ്ങളും ചെയ്തുവരുന്നു. iCOPS ആപ്ലിക്കേഷ നിലെ വിവിധ മൊഡ്യൂളുകളും നവീകരിക്കുന്നതിനും, ഇതര സംസ്ഥാന കുറ്റവാളികളെയും അതിഥി തൊഴിലാളികളെയും ആധാർ അധിഷ്ഠിതമായി പരിശോധിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നതിനും, ആപ്ലിക്കേഷനിലെ അതിഥി തൊഴിലാളികൾക്കായുള്ള മൊഡ്യൂൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്ന തിനുമായി 2026-2027 സാമ്പത്തിക വർഷം 10 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്.

(ബി) ജനമൈത്രി ബീറ്റ് സംവിധാനം വഴി പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്നതിനും അവരുടെ പരാതികളും പ്രാദേശിക സുരക്ഷാ പ്രശ്നങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ജനമൈത്രി ബീറ്റ് സംവിധാനം വഴി പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്നതിനും, അവരുടെ പരാതികളും പ്രാദേശിക സുരക്ഷാ പ്രശ്നങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിനുമായി ജനമൈത്രി ബീറ്റ് ഓഫീസർമാർ കോളനികളിലും വീടുകളിലും സന്ദർശനങ്ങൾ നടത്തുകയും, ജനമൈത്രി ജാഗ്രതാ സമിതി യോഗങ്ങൾ സംഘടിപ്പിക്കുകയും, അതുവഴി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നതുമാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ സുരക്ഷാബോധവും, പോലീസിലുള്ള വിശ്വാസവും വർധിപ്പിക്കുകയും, ആഭ്യന്തര സുരക്ഷ ശക്തിപ്പെടുത്തുന്നതിൽ പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കുകയും ചെയ്യുന്നു.

പൊതുജന പങ്കാളിത്തതോടെ സുരക്ഷ ഉറപ്പാക്കുന്നതിനും കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനിലും ജനമൈത്രി സമിതി യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും, ജനമൈത്രി സമിതി അംഗങ്ങളെ പുന:സംഘടിപ്പിക്കുന്നതിനുമായി 2026-2027 സാമ്പത്തിക വർഷം 59.68 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്.

(സി) ജനമൈത്രി ബീറ്റ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തുന്നതിനും അവരുടെ സേവനം കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ പരിശീലനവും മേൽനോട്ട സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ജനമൈത്രി ബീറ്റ് ഉദ്യോഗസ്ഥരുടെ സേവനം കാര്യക്ഷമമാക്കുന്നതിനും കൂടുതൽ മികച്ച രീതിയിൽ പൊതുജന പങ്കാളിത്തതോടെ പ്രവർത്തിക്കുന്നതിന മായി 2026-2027 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും ജനമൈത്രി ബീറ്റ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിലേയ്ക്കായി 5.26 ലക്ഷം രൂപ അനുവദിച്ചി ട്ടുള്ളതാണ്.

(ഡി) ജനമൈത്രി ബീറ്റ് സംവിധാനം മുഖേന സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കുകയും പ്രാദേശിക സമൂഹങ്ങളുടെ സഹകരണത്തോടെ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി തടയുകയും അതുവഴി കുറ്റകൃത്യങ്ങൾ കുറയ്ക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരളാ പോലീസ് ആവിഷ്ക്കരിച്ച് വിജയകരമായി നടപ്പിലാക്കിയ കമ്മ്യൂണിറ്റി പോലീസിങ്ങ് പദ്ധതിയാണ് ജനമൈത്രി സുരക്ഷ പദ്ധതി. ജനമൈത്രി ബീറ്റ് ഓഫീസർമാർ വീടുകളിലും കോളനികളിലും സന്ദർശന ങ്ങൾ നടത്തുകയും, ജനമൈത്രി ജാഗ്രതാ സമിതി യോഗങ്ങൾ സംഘടിപ്പിക്കുകയും തീരദേശ സുരക്ഷ, റെയിൽവേ സുരക്ഷ,മൈഗ്രന്റ് ജനമൈത്രി പദ്ധതി, സ്ത്രീകളു ടെയും കുട്ടികളുടെയും സുരക്ഷ, മുതിർന്ന പൗരന്മാരുടെ ക്ഷേമം, ആദിവാസി ജനവിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഗതാഗതം, ലഹരി, സ്ത്രീസുരക്ഷ തുടങ്ങിയ വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ വിവിധ ജനസൗഹൃദ പദ്ധതികൾ സംസ്ഥാന വ്യാപകമായി നടത്തി വരുന്നു.

(ഇ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷൻ പരിധികളിലും ജനമൈത്രി ബീറ്റ് സംവിധാനം സജീവമാക്കുന്നതിനും പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ കുറ്റകൃത്യങ്ങൾ തടയുന്നതിനും പരാതിപരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിനും സമയബന്ധിതമായ പദ്ധതി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി: ജനമൈത്രി ബീറ്റ് സംവിധാനം വഴി പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്നതിനും അവരുടെ പരാതികളും പ്രാദേശിക സുരക്ഷാ പ്രശ്നങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിനുമായി ജനമൈത്രി ബീറ്റ് ഓഫീസർമാർ കോളനികളിലും വീടുകളിലും സന്ദർശനങ്ങൾ നടത്തുകയും, ജനമൈത്രി ജാഗ്രതാ സമിതി യോഗങ്ങൾ സംഘടിപ്പിക്കുകയും, അതുവഴി പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നതുമാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ സുരക്ഷാ ബോധവും പോലീസിലുള്ള വിശ്വാസവും വർധിപ്പിക്കു കയും, ആഭ്യന്തര സുരക്ഷ ശക്തിപ്പെടുത്തുന്നതിൽ പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കുകയും ചെയ്യുന്നു. പൊതുജന പങ്കാളിത്തതോടെ സുരക്ഷ ഉറപ്പാക്കുന്നതിനും, കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനിലും ജനമൈത്രി സമിതി യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും, ജനമൈത്രി സമിതി അംഗങ്ങളെ പുന: സംഘടിപ്പിക്കുന്നതിനുമായി 2026-2027 സാമ്പത്തിക വർഷം 59.68 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ